**അറിയിപ്പ്**

(1) ഇ-സ്പോർട്സ്

മി. സ്പീക്കർ: 'എല്ലാവർക്കും സ്പോർട്സ്, എല്ലാവർക്കും ആരോഗ്യം' എന്ന കായിക നയത്തിന്റെ ഭാഗമായി എം.എൽ.എ.-മാരുടെ പ്രാദേശിക വികസന ഫണ്ടുപയോഗിച്ച് ഇ-സ്പോർട്സ് ഹബ്ബുകൾ സ്ഥാപിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങളെക്കുറിച്ച് ബഹുമാനപ്പെട്ട അംഗങ്ങളെ പരിചയപ്പെടുത്തുന്നതിനുള്ള ഒരു പരിപാടിയും ഇ-സ്പോർട്സ് ഡിസ്പ്ലേയും 2024, ജൂലൈ 10-ാം തീയതി ആർ. ശങ്കരനാരായണൻ തമ്പി മെമ്പേഴ്സ് ലോഞ്ചിലും പരിസരത്തുമായി നടത്തുന്നതാണ്. പരിപാടി നാളെ രാവിലെ 8.30-ന് വകുപ്പുമന്ത്രിയുടെ സാന്നിധ്യത്തിൽ ഉദ്ഘാടനം നിർവഹിക്കുന്നതാണ്. പ്രസ്തുത പരിപാടിയിലേക്ക് എല്ലാ അംഗങ്ങളെയും ക്ഷണിക്കുന്നു.

(2) കാലാവസ്ഥാ വ്യതിയാനം

മി. സ്പീക്കർ: നിയമസഭയിൽ കെ-ലാംപ്സ് വിഭാഗം, സംസ്ഥാന പരിസ്ഥിതി വകുപ്പ്, യുണിസെഫ് എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ കാലാവസ്ഥാ വ്യതിയാനം സംബന്ധിച്ച് ഒരു ഇന്ററാക്ടീവ് സെഷൻ

സാമാജികർക്കായി ഇന്ന് വൈകുന്നേരം 5.00 മണിക്ക് ആർ. ശങ്കരനാരായണൻ തമ്പി മെമ്പേഴ്സ് ലോഞ്ചിൽ നടക്കുന്നതാണ്. പരിപാടിക്കുശേഷം അംഗങ്ങൾക്കായി ഡൈനിംഗ് ഹാളിൽ ഒരു സ്നേഹ വിരുന്നും ഒരുക്കിയിട്ടുണ്ടെന്ന വിവരം അറിയിക്കുന്നു.

ഓർഡർ.......... ഓർഡർ.......... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2024 ജൂലൈ മാസം 10-ാം തീയതി ബുധനാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേക്കായി സഭ വൈകുന്നേരം 4.41-ന് പിരിഞ്ഞു.)

* * * * *